**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തിരുവനന്തപുരം ജില്ലയിൽ ഭൂമി നൽകുന്നതിനോ ഭവനം നിർമ്മിച്ച് നൽകുന്നതിനോ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമിവാങ്ങി നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കാട്ടാക്കട താലൂക്കിൽ വീരണക്കാവ് വില്ലേജിൽ ബ്ലോക്ക് നം 44-ൽ റീസർവ്വേ നം 69/4 ൽ ഉൾപ്പെട്ട 01.0140 ഹെക്ടർ ഭൂമി ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ജില്ലാ തല പർച്ചേസ് കമ്മിറ്റി കൂടുകയും സ്ഥല വില അംഗീകരിച്ചു നല്കുന്ന പ്രപ്പോസൽ 07/12/2021-ലെ SLEC മുൻപാകെ സമർപ്പിച്ചിട്ടുള്ളതും 21/12/2021 ലെ സ.ഉ (സാധാ) നം.4639/2021/RD പ്രകാരം ആർ ഒന്നിന് 1,97,600/- രൂപ നിരക്കിൽ സ്ഥല വില അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. 27/01/2022 ൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും എ1-7698/21 നമ്പർ കത്ത് മുഖേന 1,99,40,000/- രൂപയും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 50,000/- രൂപയും ഉൾപ്പടെ 1,99,90,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളായി 13 പട്ടികവർഗ്ഗ കുടുംബങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയതിനു ശേഷം തിരഞ്ഞെടുക്കപ്പെട്ട 13 കുടുംബങ്ങൾക്കും പട്ടയം നൽകിയതിനു ശേഷം പട്ടികവർഗ്ഗ വകുപ്പിന്റെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ചു നല്കാൻ പദ്ധതിയുള്ളതായി പ്രോജെക്ട് ഓഫീസർ (ഐ.ടി.ഡി.പി), നെടുമങ്ങാട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഈ ആവശ്യത്തിനായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വാർഡിലുള്ള സ്വകാര്യ വ്യക്തികളുടെ ഭൂമി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകാമോ? | (ബി) | മുട്ടത്തറ വാർഡിലുള്ള സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. അർത്ഥന ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ